**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 467** **12-08-2021 - ൽ മറുപടിയ്ക്ക്**

**സമ്പദ് വ്യവസ്ഥയുടെ പുനരുദ്ധാരണത്തിൽ സഹകരണമേഖലയുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് തകർത്ത സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനും പ്രളയ നാശം അതിജീവിക്കുന്നതിനുമായി സഹകരണമേഖല ഇപ്രാവശ്യത്തെ സഹകരണ ദിന സന്ദേശമായ 'ഒരുമിച്ച നിന്ന് മികവാർന്ന പുനർനിർമാണം' അന്വർത്ഥമാക്കുന്ന തരത്തിൽ നടത്തിയ ഇടപെടലുകൾ വിശദീകരിക്കുമോ; | (എ) | ഒരുമിച്ച് നിന്ന് പുനർനിർമ്മാണം എന്നത് ഈ വർഷത്തെ അന്തർദേശീയ സഹകരണ ദിനത്തിന്റെ മുഖ്യ പ്രമേയമാണ്. കോവിഡ് പശ്ചാത്തലത്തിൽ ഈ പ്രമേയത്തെ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹകരണ സംഘങ്ങളോട് നിർദ്ദേശിച്ചിരുന്നു. 2021 ജൂലൈ 03 മുതൽ 2022 മാർച്ച് 31 വരെ നടത്തുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് അടുത്ത വർഷത്തെ സഹകരണ ദിനത്തിൽ COOPDAY പുരസ്കാരം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയ കാലത്തും കോവിഡ് മഹാമാരിക്കിടയിലും സഹകരണ വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്തുവരികയാണ്: i) കെയർഹോം പദ്ധതി 2018 ലെ പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ഭവന രഹിതരായവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കെയർഹോം. പ്രസ്തുത പദ്ധതി പ്രകാരം 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ഭവന രഹിതർക്ക് ഭവനസമുച്ചയങ്ങൾ (ഫ്ലാറ്റ്) നിർമ്മിച്ചു നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. (ii)മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി. കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തന്മൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 2000 കോടിയുടെ "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി" പ്രകാരം |

സഹകരണ സംഘങ്ങൾ മുഖേന 86269 കുടുംബശ്രീ ഗ്രൂപ്പുകളിലൂടെ 788.80 കോടി രൂപ നൽകിയിട്ടുണ്ട്. (iii) Special Liquidity Facility (SLF) വായ്പ. കോവിഡ്-19 രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും സജീവമായി നിലനിർത്തുന്നതിനും ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും(SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF–II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് അനുവദിച്ച ധനസഹായം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. (iv) സാമൂഹിക ക്ഷേമപെൻഷൻ വിതരണം. ലോക്ക്ഡൗൺ കാലത്ത് എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് കൊണ്ട് രണ്ട് ഘട്ടങ്ങളിലായി സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം നടത്തിയതാണ് സഹകരണ മേഖല നടത്തിയ മറ്റൊരു ശ്രദ്ധേയ പ്രവർത്തനം. (v) വിവിധ ഇനം വായ്പ പദ്ധതികൾ. വിവിധ ജനവിഭാഗങ്ങൾക്ക് കൈത്താങ്ങായി മാറുന്ന ഏറ്റവും എളുപ്പം ലഭിക്കുന്ന വിവിധയിനം വായ്പ പദ്ധതി കേരള ബാങ്കിലൂടെ ആവിഷ്കരിച്ചു. പ്രാദേശിക തലത്തിൽ സർവീസ് സഹകരണ ബാങ്കുകളും വിവിധയിനം വായ്പ പദ്ധതികൾ ആവിഷ്കരിച്ചു. പലിശരഹിത വായ്പ, പലിശരഹിത സ്വർണ്ണപണയ വായ്പ തുടങ്ങിയ വായ്പാ പദ്ധതികൾ ആരംഭിച്ച (vi)സുഭിക്ഷകേരളം. ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കിയിരുന്നു. സഹകരണ സംഘങ്ങൾ വഴി കർഷകർ, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ, യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പാ ലഭ്യത ഉറപ്പുവരുത്തി. കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പാക്കി. സംഘം അടിസ്ഥാനത്തിൽ കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിന് സംയോജിത സംഭരണ കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കി. ഇതിന്റെ ഭാഗമായി വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലം എങ്കിലും എടുത്ത് ഒരു

മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപനങ്ങൾ നേരിട്ട് സജ്ജീകരിക്കാൻ തീരുമാനിച്ചു. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാനത്തൊട്ടാകെ 211 പച്ചക്കറി സംഭരണ വിൽപ്പന ഔട്ട് ലെറ്റുകൾ തുറന്നു. കോവിഡു മൂലം സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് സർക്കാർ ഓൺലൈൻ പഠന സൗകര്യമൊരുക്കിയിരുന്നു. എന്നാൽ ഇത്തരം സാഹചര്യം ലഭ്യമാകാത്തവരെ സഹായിക്കാൻ സഹകരണ പ്രസ്ഥാനം മുന്നോട്ടു വന്നു. കേരളത്തിലാകെ 4216 ടെലിവിഷനുകൾ, 325 മൊബൈൽ/ടാബുകൾ, 64 കമ്പ്യൂട്ടറുകൾ, 3 പ്രൊജക്ടറുകൾ 131 DTH കൾ എന്നിവ നൽകി ഈ പ്രവർത്തനത്തിൽ പങ്കാളിയായി. (vii)റിസർജന്റ് കേരള ലോൺ സ്കീം (RKLS) കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 07.09.2018 ലെ സ.ഉ(കൈ) 326/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റിസർജന്റ് കേരള ലോൺ സ്കീം((RKLS) എന്ന പദ്ധതി അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/ പ്രാഥമിക കാർഷികവായ്പാസംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന 2018-ൽ നടപ്പിലാക്കിയിരുന്നു (viii) വിദ്യാതരംഗിണി കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർത്ഥികളുടെ ഓൺ ലൈൻ പഠനം നടത്തുന്നതിനായി സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിയ്ക്ക് 10,000/- രൂപ വരെ പലിശരഹിത വായ്പ ലഭിക്കുന്ന വിദ്യാതരംഗിണി എന്ന പദ്ധതി സഹകരണ വകുപ്പ് 2021 ജൂൺ 25 മുതൽ ജൂലൈ 31 വരെ നടപ്പാക്കി. (ix)കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ. കൺസ്യൂമർഫെഡിന്റെ കീഴിൽ 45 മൊബൈൽ ത്രിവേണികൾ ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ സാധനങ്ങൾ എത്തിച്ചു. സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ കണക്കിലെടുത്ത് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സംഭരിക്കാനും കൺസ്യൂമർ ഫെഡ് ശ്രദ്ധിച്ചു. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിട ങ്ങളിൽ ഓൺ ലൈൻ

| | | | |
|---|---|---|---|
| | | | വ്യാപാരമാരംഭിച്ചു. മിൽമയുടെ പ്രതിസന്ധി കണക്കിലെടുത്ത് പാൽ അടക്കമുള്ള എല്ലാ ഉല്പന്നങ്ങളും കേരളത്തിലെ ത്രിവേണി സ്റ്റോറുകൾ വഴി വിതരണം ചെയ്തു. |
| (ബി) | നെൽകൃഷി, ഹൈടെക് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പട്ടികജാതി പട്ടികവർഗ സംഘങ്ങൾ, വനിത സംഘങ്ങൾ എന്നിവയെ പരിപോഷിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽ കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടു വരുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നെൽ കർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിയ്ക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്. കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്. സഹകരണ സംഘത്തിന് കൊയ്ത്ത് മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്. ഹൈടെക് കൃഷി രീതികൾ പ്രോത്സാ ഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. നെൽകൃഷിയ്ക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെയും കാർഷിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകി വരുന്നു. പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടുകൊണ്ടു നെൽകൃഷിയെ പ്രോൽസാഹിപ്പിച്ച് പാലക്കാട് ജില്ല യിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സർക്കാരിന്റെ പൊതുവിതരണത്തിനായും കൂടാതെ സ്വന്തം ബ്രാൻഡിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളുള്ള പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നമ്പർ പി.1449 (PAPCOS) എന്ന ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ അധീനതയിൽ ദിനം പ്രതി 200 MT നെല്ല് സംസ്കരിച്ച് അരിയാക്കുവാൻ കഴിയുന്ന ഒരു അത്യാധുനിക റൈസ് മില്ലും സിലോകളും സ്ഥാപിക്കുന്നതിനുള്ള നടപടി പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. കൂടാതെ സംസ്ഥാനത്തെ നെൽകർഷകരുടെ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനായി സംഭരണ, സംസ്കരണ, വിപണന രംഗത്ത് സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടാക്കികൊണ്ട് നെൽകൃഷിയെ പ്രോത്സാഹിപ്പിക്കും വിധം സംസ്ഥാനമാകെ പ്രവർത്തന പരിധിയോടുകൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും കുട്ടനാട്ടും, അപ്പർ-കുട്ടനാട്ടും രണ്ട് ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനുമായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി പരമാവധി 4 ലക്ഷം രൂപ വരെ അനുവദിക്കുന്നു. കെ.ജി.റ്റി.ഇ./മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധകോഴ്സ്കളിലേക്ക് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള യുവ തലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 1.50 ലക്ഷം രൂപയും സബ്സിഡി യിനത്തിൽ 3.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ ധനസഹായം അനുവദിച്ച് വരുന്നു. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡിയായി പ്രതിമാസം 10000/- രൂപ നിരക്കിൽ |

5 വർഷത്തേക്കും ടി വർഷ കാലത്തിനിടയിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് തുടർന്നുള്ള 3 വർഷങ്ങളിൽ പ്രതിമാസം 15000/- രൂപ നിരക്കിലും മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റായി 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ബിൽഡിംഗ് മെയന്റനൻസിന് ഗ്രാന്റ് ഇനത്തിൽ പരമാവധി 5 ലക്ഷം രൂപ ധനസഹാ യം അനുവദിക്കുന്നു. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിയിനത്തിൽ ഓഹരിയായി 5 ലക്ഷം രൂപയും സബ്സിഡിയായി 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം ഓഹരിയിനത്തിൽ 10 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് 50 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. കൂടാതെ പട്ടിക ജാതി/ പട്ടിക വർഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. വനിതാ സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം. വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതതു പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായമായ പ്രോജക്ടുകൾക്ക് അവയുടെ പ്രായോഗികത, വിജയസാധ്യത, പ്രവർത്തനലാഭം എന്നിവ വിലയിരുത്തി ധനസഹായം നൽകി വരുന്നു. ദുർബല വനിതാ സഹകരണ സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണ-ത്തിനുമായി ധനസഹായം അനുവദിച്ച വരുന്നു. വനിതാ സഹകരണ സംഘങ്ങൾക്കും കേരള

| | | | |
|---|---|---|---|
| | | | സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഇവയാണ്. വനിതാ സഹകരണ സംഘങ്ങൾക്ക് ചെറുകിട വ്യവസായം ആരംഭിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുമായി പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപ വരെയുള്ള ധനസഹായം. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപയും അനുവദിക്കുന്നു. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സൊസൈറ്റികൾക്കും വനിതാ ഫെഡറേഷനും ആധുനികവത്ക്കരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനുമായുള്ള സഹായം. കേരള വനിതാ സഹകരണ ഫെഡറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള വികസന/ സ്ഥാപന ചിലവുകൾ നിറവേറ്റുന്നതിനും പുതിയ സംരംഭകത്വ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി പ്രത്യേക വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനുള്ള സഹായം. |
| (സി) | സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന നിക്ഷേപം കാർഷിക, വ്യവസായ, സേവന മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് വഴിയൊരുക്കുന്നതിനായി വിനിയോഗിച്ച് വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടൽ ഉണ്ടാകുമോ? | (സി) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിവിധ പദ്ധതികളിലൂടെ കാർഷിക വ്യവസായ സേവന മേഖലകളിലെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു |

സെക്ഷൻ ഓഫീസർ